പതിനഞ്ചാം കേരളനിയമസഭ
ഒൻപതാം സമ്മേളനം

ബഹു. സ്പീക്കറുടെ റൂളിംഗ്
13-09-2023

നിയമനിർമ്മാണം

ബില്ലിലെ അപാകത

2023 സെപ്റ്റംബർ 13-ാം തീയതി 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉത്പാദനവും വിൽപനയും നിയന്ത്രിക്കൽ) ബില്ലിന്റെ പരിഗണനാവേളയിൽ ബില്ലിന്റെ ഒന്നാം വകുപ്പിൽ ചുരുക്കപ്പേരും പ്രാരംഭവ്യവസ്ഥയും ഉൾപ്പെടുത്തേണ്ടതാണെന്നും കമൻസ്മെന്റ് ക്ലോസ് 1(2) ബില്ലിൽനിന്നും ഒഴിവാക്കിയത് വ്യക്തമല്ലെന്നും ഡേറ്റ് ഒാഫ് കമൻസ്മെന്റില്ലാതെ ഒരു ബില്ലും നിയമസഭയിൽ അവതരിപ്പിക്കാറില്ലെന്നും കമൻസ്മെന്റ് ക്ലോസ് ഇല്ലാതെയുള്ള ബിൽ പരിഗണിക്കുന്നത് അസാധാരണമായ നടപടിയാണെന്നും പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നം ഉന്നയിക്കുകയുണ്ടായി.

ബില്ലിൽ സാധൂകരണ ക്ലോസ് ഉൾപ്പെടുത്തിയാണ് അവതരിപ്പിച്ചതെങ്കിലും പ്രസ്തുത വ്യവസ്ഥകൾക്ക് സാധൂകരണം നൽകുന്നത് ഭരണഘടനയുടെ അനുച്ഛേദം 20(1)-ന് വിരുദ്ധമാകുമെന്നതിനാൽ പ്രസ്തുത വ്യവസ്ഥകൾ സെലക്ട് കമ്മിറ്റി പരിഗണിക്കുന്ന വേളയിൽ ഒഴിവാക്കുന്നതാണെന്ന് സഭ മുമ്പാകെ ഉറപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ആയത് ഒഴിവാക്കുന്നതിന് ബഹുമാനപ്പെട്ട ചെയർ റൂളിംഗ് നൽകുകയും തുടർന്ന് സെലക്ട് കമ്മിറ്റിയിൽ നടന്ന സമഗ്രമായ ചർച്ചയുടെ അടിസ്ഥാനത്തിൽ ഖണ്ഡം 40-ൽ പുതുക്കിയ സാധൂകരണ ക്ലോസ് ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നും റിപ്പോർട്ട് ഫൈനലൈസ് ചെയ്ത വേളയിൽ സാധൂകരണ ഖണ്ഡത്തിൽ 2022 ആഗസ്റ്റ് 8-ാം തീയതി മുതലുള്ള കാലയളവ്

ഉൾപ്പെടുത്തിയെങ്കിലും 1-ാംാം ഖണ്ഡത്തിൽ 1 (എ) 2 ആയി ബില്ലിന്റെ പ്രാരംഭ തീയതി ഉൾപ്പെടുത്താത്തത് റിപ്പോർട്ട് അച്ചടിച്ച് ലഭ്യമായപ്പോൾത്തന്നെ ശ്രദ്ധയിൽപ്പെടുകയും പ്രാരംഭ തീയതി സംബന്ധിച്ച് ലിസ്റ്റ് 3-ൽ കൊണ്ടുവന്നിട്ടുള്ള 940-ാംാം നമ്പർ ഒൗദ്യോഗിക ഭേദഗതി അംഗങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ടെന്നും ഖണ്ഡം 1-ന്റെ പരിഗണനാ സമയത്ത് ആയത് സഭ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന വേളയിൽ ഇൗ വിഷയം പരിഹൃതമാകുമെന്നും മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി+.

"സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൽനിന്നും ഒഴിവാക്കപ്പെട്ട ബില്ലിന്റെ പ്രാരംഭം സംബന്ധിച്ച വ്യവസ്ഥ ഒൗദ്യോഗിക ഭേദഗതിയിലൂടെ ഉൾപ്പെടുത്തിയിട്ടുള്ളതായി മന്ത്രി പ്രസ്താവിച്ച പശ്ചാത്തലത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല."

+